**<u>14 -ാം കേരള നിയമസഭ</u>**

**<u>22 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 109</u>** **<u>12-01-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ദേശീയ പാതയിൽ ഉണ്ടാകുന്ന അപകടങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി കെ അബ്ദു റബ്ബ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദേശീയ പാതയിൽ ഉണ്ടാകുന്ന അപകടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മോട്ടോർ വാഹന നിയമം, ഇന്ത്യൻ ശിക്ഷാ നിയമം, കേരള പോലീസ് ആക്ട് എന്നീ നിയമങ്ങൾ അനുസരിച്ചുള്ള എൻഫോഴ്സ്മെന്റ് ശക്തമായി നടപ്പിലാക്കി വരുന്നു. ഹൈ-ടെക് ട്രാഫിക് കൺട്രോൾ വഴി Speed Detection ക്യാമറകൾ സ്ഥാപിച്ചും Surveillance ക്യാമറകളും Speed Radar, interceptorതുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിച്ചും നിയമം ലംഘിക്കുന്നവർക്ക് എതിരെ കർശനമായ നടപടി എടുത്തുവരുന്നു. ഹൈവേ പട്രോൾ, കൺട്രോൾ റൂം, മൊബൈൽ പട്രോൾ തുടങ്ങിയ സംവിധാനങ്ങൾ വഴി അപകടങ്ങൾ നിയന്ത്രിക്കുന്നതിനും അപകടം ഉണ്ടായാൽ Rescue Operation നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അപകടങ്ങൾ കൂടുതലായി നടന്ന സ്ഥലങ്ങൾ കണ്ടെത്തി മതിയായ സുരക്ഷാ മുന്നറിയിപ്പുകൾ പ്രദർശിപ്പിക്കുക, വാഹന പരിശോധനകൾ നടത്തുക, റോഡിന്റെ അപാകത മൂലമാണ് അപകടം നടന്നത് എങ്കിൽ അത് പരിഹരിക്കുക, ട്രാഫിക് സിഗ്നലുകളും റോഡ് മാർക്കിംഗുകളും സ്ഥാപിക്കുക, പൊതു ജനങ്ങൾക്ക് മതിയായ ബോധവത്കരണം നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ ദേശീയ പാതയിൽ Lane Traffic തെറ്റിച്ച് വാഹനമോടിക്കുന്നവർക്ക് എതിരെ കർശനമായ നിയമനടപടികളും സ്വീകരിച്ചു വരുന്നു. അമിത വേഗത നിയന്ത്രിക്കുന്നതിനും ഇടതു വശം ചേർന്നുള്ള ഡ്രൈവിംഗ് എന്നിവ പ്രോത്സാഹി- പ്പിക്കുന്നതിനും ഹൈവേകളിൽ, ഡ്രൈവർമാരുടെ ശ്രദ്ധയിൽപ്പെടുന്ന രീതിയിൽ ബോർഡുകളും മറ്റും പ്രദർശിപ്പിച്ചിട്ടുണ്ട്. അപകടം കൂടുതലായി ഉണ്ടാകുന്ന സ്ഥലങ്ങൾ കണ്ടെത്തി സൈൻ ബോർഡുകൾ, സിഗ്നൽ ലൈറ്റുകൾ എന്നിവ സ്ഥാപിച്ച് നടപടി എടുത്തുവരുന്നു. വാഹന ഉപയോക്താക്കൾ, |

| | | | |
|---|---|---|---|
| | | | ഡ്രൈവർമാർ, ട്രാഫിക് നിയമ ലംഘനം നടത്തുന്നവർ എന്നിവർക്ക് ട്രാഫിക് ബോധവൽക്കരണ ക്ലാസുകൾ നൽകി വരുന്നു. ഹൈവേയിലൂടെ രാത്രികാല യാത്ര ചെയ്യുന്ന ഡ്രൈവർമാർക്ക് ഉറക്കം വരാതിരിക്കാൻ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ കാപ്പി നൽകി ഡ്രൈവർമാർ ഉറങ്ങിപ്പോകുന്നത് മൂലം ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കാൻ പോലീസ് പ്രവർത്തിച്ചു വരുന്നു. കൂടാതെ ദേശീയപാതകളിലും മറ്റും നടക്കുന്ന റോഡപകടങ്ങളും അതു മൂലമുണ്ടാകുന്ന മരണ നിരക്കും കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെ മോട്ടോർവാഹന വകുപ്പ് 'സേഫ് കേരള' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ നിയമിക്കുകയും അവരുടെ കീഴിൽ ആകെ 85 സ്ക്വാഡുകളെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. 8 മണിക്കൂർ ദൈർഘ്യമുള്ള 3 ഷിഫ്റ്റുകളായി 24 മണിക്കൂറും ഈ സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ പ്രവർത്തനം പൂർണ്ണതോതിൽ ലഭ്യമാക്കുന്നതിനായി 14 ജില്ലകളിലും ഓരോ കൺട്രോൾ റൂമുകളും തിരുവനന്തപുരം ജില്ലയിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും സജ്ജമായിക്കൊണ്ടിരിക്കുന്നു. ഇത്തരം സ്ക്വാഡുകളുടെ പ്രവർത്തനങ്ങൾ ആധുനീകരിക്കപ്പെടുന്നതിന്റെ ഭാഗമായി 17 ഇന്റർസെപ്റ്റർ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ദേശീയ പാതകളിൽ കൂടുതൽ അപകടസാധ്യതയുള്ള മേഖലകളിൽ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുകയും അത്തരം സ്ഥലങ്ങളിൽ കൂടുതൽ എൻഫോഴ്സ്മെന്റ് ചെക്കിംഗുകളും നടത്തിവരുന്നു. |
| (ബി) | ഇത്തരം അപകട സാധ്യതകൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മോട്ടോർ വാഹന നിയമം, ഇന്ത്യൻ ശിക്ഷാ നിയമം, കേരള പോലീസ് ആക്ട് എന്നീ നിയമങ്ങൾ അനുസരിച്ചുള്ള എൻഫോഴ്സ്മെന്റ് ശക്തമായി നടപ്പിലാക്കി വരുന്നു. ഹൈ-ടെക് ട്രാഫിക് കൺട്രോൾ വഴി Speed Detection ക്യാമറകൾ സ്ഥാപിച്ചും Surveillance ക്യാമറകളും Speed Radar, interceptorതുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിച്ചും നിയമം ലംഘിക്കുന്നവർക്ക് എതിരെ കർശനമായ നടപടി എടുത്തുവരുന്നു. ഹൈവേ പട്രോൾ, കൺട്രോൾ റൂം, മൊബൈൽ പട്രോൾ തുടങ്ങിയ സംവിധാനങ്ങൾ വഴി അപകടങ്ങൾ നിയന്ത്രിക്കുന്നതിനും അപകടം ഉണ്ടായാൽ Rescue Operation നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അപകടങ്ങൾ കൂടുതലായി നടന്ന സ്ഥലങ്ങൾ കണ്ടെത്തി മതിയായ സുരക്ഷാ മുന്നറിയിപ്പുകൾ പ്രദർശിപ്പിക്കുക, വാഹന |

പരിശോധനകൾ നടത്തുക, റോഡിന്റെ അപാകത മൂലമാണ് അപകടം നടന്നത് എങ്കിൽ അത് പരിഹരിക്കുക, ട്രാഫിക് സിഗ്നലുകളും റോഡ് മാർക്കിംഗുകളും സ്ഥാപിക്കുക, പൊതു ജനങ്ങൾക്ക് മതിയായ ബോധവത്കരണം നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ ദേശീയ പാതയിൽ Lane Traffic തെറ്റിച്ച് വാഹനമോടിക്കുന്നവർക്ക് എതിരെ കർശനമായ നിയമനടപടികളും സ്വീകരിച്ചു വരുന്നു. അമിത വേഗത നിയന്ത്രിക്കുന്നതിനും ഇടതു വശം ചേർന്നുള്ള ഡ്രൈവിംഗ് എന്നിവ പ്രോത്സാഹി- പ്പിക്കുന്നതിനും ഹൈവേകളിൽ, ഡ്രൈവർമാരുടെ ശ്രദ്ധയിൽപ്പെടുന്ന രീതിയിൽ ബോർഡുകളും മറ്റും പ്രദർശിപ്പിച്ചിട്ടുണ്ട്. അപകടം കൂടുതലായി ഉണ്ടാകുന്ന സ്ഥലങ്ങൾ കണ്ടെത്തി സൈൻ ബോർഡുകൾ, സിഗ്നൽ ലൈറ്റുകൾ എന്നിവ സ്ഥാപിച്ച് നടപടി എടുത്തുവരുന്നു. വാഹന ഉപയോക്താക്കൾ, ഡ്രൈവർമാർ, ട്രാഫിക് നിയമ ലംഘനം നടത്തുന്നവർ എന്നിവർക്ക് ട്രാഫിക് ബോധവൽക്കരണ ക്ലാസുകൾ നൽകി വരുന്നു. ഹൈവേയിലൂടെ രാത്രികാല യാത്ര ചെയ്യുന്ന ഡ്രൈവർമാർക്ക് ഉറക്കം വരാതിരിക്കാൻ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ കാപ്പി നൽകി ഡ്രൈവർമാർ ഉറങ്ങിപ്പോകുന്നത് മൂലം ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കാൻ പോലീസ് പ്രവർത്തിച്ചു വരുന്നു. കൂടാതെ ദേശീയപാതകളിലും മറ്റും നടക്കുന്ന റോഡപകടങ്ങളും അതു മൂലമുണ്ടാകുന്ന മരണ നിരക്കും കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെ മോട്ടോർവാഹന വകുപ്പ് 'സേഫ് കേരള' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ നിയമിക്കുകയും അവരുടെ കീഴിൽ ആകെ 85 സ്ക്വാഡുകളെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. 8 മണിക്കൂർ ദൈർഘ്യമുള്ള 3 ഷിഫ്റ്റുകളായി 24 മണിക്കൂറും ഈ സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ പ്രവർത്തനം പൂർണ്ണതോതിൽ ലഭ്യമാക്കുന്നതിനായി 14 ജില്ലകളിലും ഓരോ കൺട്രോൾ റൂമുകളും തിരുവനന്തപുരം ജില്ലയിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും സജ്ജമായിക്കൊണ്ടിരിക്കുന്നു. ഇത്തരം സ്ക്വാഡുകളുടെ പ്രവർത്തനങ്ങൾ ആധുനീകരിക്കപ്പെടുന്നതിന്റെ ഭാഗമായി 17 ഇന്റർസെപ്റ്റർ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ദേശീയ പാതകളിൽ കൂടുതൽ അപകടസാധ്യതയുള്ള മേഖലകളിൽ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുകയും

| | | | |
|---|---|---|---|
| | | | അത്തരം സ്ഥലങ്ങളിൽ കൂടുതൽ എൻഫോഴ്സ്മെന്റ് ചെക്കിംഗുകളും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ